ആകെ - 317

തിരുവനന്തപുരം, കോട്ടയം കോഴിക്കോട് എന്നീ നഴ്സിംഗ് കോളേജുകളിൽ വിവിധ കോഴ്സുക ൾക്ക് താഴെപ്പറയുന്ന രീതിയിൽ പ്രവേശനം നൽകി വരുന്നു.

	തിരുവനന്തപുരം	കോട്ടയം	കോഴിക്കോട്
ബി.എസ്.സി നഴ്സിംഗ്	50	50	50
സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ നഴ്സിംഗ് (പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് മാത്രം)	30	-	30
എം.എസ്.സി. നഴ്സിംഗ്	16	-	8

(സി) ഉണ്ട്.

170 (1774) എം.ഫാം കോഴ്സുകൾ

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ എം.ഫാം കോഴ്സുകൾക്കാണ് സർക്കാർ ഈ വർഷം അനുമതി നൽകിയത്;

(ബി) ഓരോ കോഴ്സിലും എത്ര വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകിയിട്ടുള്ളത്.;

(സി) ഈ കോഴ്സുകൾക്കുവേണ്ടി ഈവർഷത്തെ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഹെഡ് ഓഫ് അക്കൗണ്ടിൽ; എത്രരൂപ വീതം;

(ഡി) മെഡിക്കൽ കെമിസ്ട്രിയിൽ എം.ഫാം കോഴ്സ് തുടങ്ങുന്നതിനുവേണ്ടി 1997, 1998 വർഷങ്ങളിൽ സർക്കാർ അനുമതി നൽകിയിരുന്നോ; പ്രസ്തുത വർഷങ്ങളിൽ കോഴ്സ് തുടങ്ങിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) എം.ഫാം ഫാർമസി പ്രാക്ടീസ് കോഴ്സിന് നാലുപേർക്ക് അഡ്മിഷൻ നൽകിയാൽ മതിയെന്ന് യൂണിവേഴ്സിറ്റിയുടെ പരീക്ഷാ പരിശോധന കമ്മിറ്റിയോട് ഫാർമസി ഡയറക്ടർ വ്യക്തമാക്കിയിരുന്നോ; എങ്കിൽ പ്രസ്തുത കോഴ്സിന് എത്രപേർക്ക് സബ്മിഷൻ നൽകാനുള്ള സൗകര്യവും സാമഗ്രികളും തിരുവനന്തപുരം മെഡിക്കൽ കോളേജിലുണ്ടെന്ന് തിട്ടപ്പെടുത്താനുള്ള സ്വാതന്ത്ര്യം യൂണിവേഴ്സിറ്റിയുടെ പരിശോധനാ കമ്മിറ്റിയ്ക്ക് നൽകാത്ത സാഹചര്യത്തെപ്പറ്റി സർക്കാർ അന്വേഷിക്കുമോ?

ഉത്തരം

(എ) മെഡിസിനൽ കെമിസ്ട്രിയിലും ഫാർമസി പ്രാക്ടീസിലും AICTE യുടെ അംഗീകാരത്തിനും വിധേയമായി എം.ഫാം. കോഴ്സുകൾ തുടങ്ങുവാൻ സർക്കാർ ഈവർഷം അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ ശുപാർശയനുസരിച്ച് ഓരോ കോഴ്സിലും 4(നാല്) വിദ്യാർത്ഥികൾക്കുവീതം പ്രവേശനം നൽകാനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

(സി) ഫാർമസി പ്രാക്ടീസിൽ എം.ഫാം കോഴ്സ് തുടങ്ങുന്നതിനു വേണ്ടി "2210-05-105-60 (പി)" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ തുക വക കൊള്ളിച്ചിട്ടുണ്ട്. ഫാർമസി കോളേജിന്റെ പേരിലുള്ള "2210-05-105-84(പി)" എന്ന ഹെഡ് ഓഫ് അക്കൗണ്ടിലുള്ള തുകയും എം.ഫാം കോഴ്സ് തുടങ്ങുന്നതിനായി ഉപയോഗിക്കാവുന്നതാണ്. നടപ്പുസാമ്പത്തികവർഷത്തിൽ "2210-05-105-84" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 25 ലക്ഷം രൂപയും "2210-05-105-60" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 16 ലക്ഷം രൂപയും വക കൊള്ളിച്ചിട്ടുണ്ട്.

(ഡി) മെഡിസിനൽ കെമിസ്ട്രിയിൽ എം.ഫാം കോഴ്സ് തുടങ്ങുന്നതിനുള്ള ഉത്തരവ് 1999-ൽ ആണ് നൽകിയിട്ടുള്ളത്.

1998-99 അദ്ധ്യയനവർഷത്തിലാണ് കേരള യൂണിവേഴ്സിറ്റിക്ക് കോഴ്സ് ആരംഭിക്കുന്നതിനുള്ള അനുവാദത്തിനായി അപേക്ഷിച്ചിരുന്നത്. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ പരിശോധനയ്ക്കുശേഷം, അനുവാദം ലഭിക്കുന്നത് 1999-2000 ത്തിൽ മാത്രമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് AICTE യുടെ അനുവാദത്തിനു വിധേയമായി കോഴ്സ് ആരംഭിക്കുന്നതിനുള്ള ഉത്തരവ് 1999 ഡിസംബറിൽ നൽകിയിട്ടുള്ളത്.

(ഇ) എം.ഫാം ഫാർമസി പ്രാക്ടീസ് കോഴ്സിനുവേണ്ടി യൂണിവേഴ്സിറ്റിക്കു നൽകിയ അപേക്ഷയിൽ നാലു സീറ്റുകൾക്കാണ് അപേക്ഷിച്ചിരുന്നത്. ഇപ്പോൾ നിലവിലുള്ള മറ്റ് എം.ഫാം കോഴ്സുകൾക്ക് രണ്ടു സീറ്റു വീതമേയുള്ളൂ. ഈ വസ്തുതയും, മറ്റ് അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യതയും ആ വിഷയം പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകരുടെ ലഭ്യതയും അടിസ്ഥാനമാക്കിയാണ് ഈ തീരുമാനം എടുത്തിട്ടുള്ളത്. യൂണിവേഴ്സിറ്റിയുടെ പരിശോധനാ കമ്മിറ്റിയുടെ പ്രവർത്തനസ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തിയിട്ടില്ല.

171 (1775) ഫാർമസിസ്റ്റുകളുടെ നിയമനം

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ നിലവിൽ ഫാർമസിസ്റ്റുകളുടെ എണ്ണം എത്രയാണെന്ന് വിശദീകരിക്കുമോ;

(ബി) ഇവ ഏതു വർഷത്തെ സ്റ്റാഫ് പാറ്റേൺ പ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) അധികജോലിയുടെ അടിസ്ഥാനത്തിൽ കൂടുതൽ ഫാർമസിസ്റ്റുകളെ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും പ്രപ്പോസൽ നിലവിലുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly